"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ സമൃദ്ധി കാർഷിക വിപണിയ്ക്ക് കെട്ടിടം എന്ന പദ്ധതിയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.461/2020/LSGD തീയതി,തിരുവനന്തപുരം, 25/02/2020

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019ന് കൂടിയ യോഗത്തിലെ 2.3(4.25)-ാം നമ്പർ തീരുമാനം

2. ഗ്രാമവികസന കമ്മീഷണറുടെ 05.12.2019-ലെ ഡി.പി.4/8696/19/ സി.ആർ.ഡി. നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിലെ 4.43-ാം നമ്പർ തീരുമാനം

### ഉത്തരവ്

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ കടുവിനാലിൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം രൂപം കൊണ്ടിട്ടുള്ള പഴം-പച്ചക്കറി കർഷകരുടെ കൂട്ടായ്മയാണ് സമൃദ്ധി എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്റർ എന്ന കാർഷിക വിപണി. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ടി കൂട്ടായ്മയ്ക്ക് കെട്ടിടം പണിയുന്നതിന് പതിനൊന്ന് ലക്ഷം രൂപ അടങ്കലിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കി. മാർഗരേഖ പ്രകാരം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവർ ആരംഭിക്കുന്ന കാർഷിക വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവാദമുള്ളൂ എന്നതിനാൽ പ്രത്യേക അനുമതിക്കായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയുണ്ടായി. ടി കാർഷിക വിപണിയുടെ ചാർട്ടേഡ് അക്കൗണ്ടന്റ് നടത്തിയ ഓഡിറ്റ് റിപ്പോർട്ട്, ബൈലോ എന്നിവ സഹിതം റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെടുകയുണ്ടായി. പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് പദ്ധതിയ്ക്ക് പ്രത്യേക അനുമതി നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള കടുവിനാൽ സമൃദ്ധി കാർഷിക വിപണിയ്ക്ക് കെട്ടിടം എന്ന പദ്ധതിയ്ക്ക് (പ്രോ നം.52/20 -അടങ്കൽ തുക 11,00,000രൂപ) പ്രത്യേക അനുമതി നൽകി

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്,ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020 12:34:23 IST
Reason: Approved

സെക്ഷൻ ഓഫീസർ